marggam
DIGITAL PUBLISHING
www.marggam.org

ആരാധനക്രമം

ST. ANTONY'S MONASTERY
Phone : 3110
ALWAYE




മരിച്ചവർക്കുവേണ്ടിയുള്ള പാട്ടുകുർബാന

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
DIGITAL PUBLISHING
www.marggam.org

മരിച്ചവർക്കുവേണ്ടിയുള്ള

പാട്ടുകുർബ്ബാന



Lyrics by

Fr. ABEL C. M. I.

Rights reserved

Ernakulam
11_4_1988

വില 3 രൂപ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

മരിച്ചവർക്കുവേണ്ടിയുള്ള പാട്ടുകർമ്മാനം

കാർമ്മികൻ തിരുവസ്ത്രങ്ങളണിയുമ്പോൾ
സമൂഹം താഴെ വരുന്ന പാട്ടുപാടുന്നു.

ഗാനം

മരണത്താലേ മാനവനലകിൽ
മംഗളജീവൻ പകർന്നവനേ,
മരണമടഞ്ഞോർക്കാനന്ദത്തിൻ
പരമകവാടം തുറക്കണമേ.

ചെന്നിണബലിയാ, ലുന്നതവെളിവാൽ
ശാന്തിജഗത്തിൽ വിതച്ചവനേ,
മരണമടഞ്ഞോർക്കാനന്ദത്തിൻ
പരമകവാടം തുറക്കണമേ.

ബലിയിതു കൈക്കൊണ്ടലിവൊടുനാഥാ,
മൃതരുടെ പാപം പൊറുക്കണമേ.
നിത്യവിരുന്നിൻ കതിരുകളം വീശും
നിറതിരിയവരിൽ കൊള്ളത്തണമേ.

അവനിയിലങ്ങേ പാവനനാമം
കീർത്തിച്ചവരെ മറക്കരുതേ;
അവനിയിലങ്ങേ ദിവ്യശരീരം
കൈക്കൊണ്ടവരെ ത്യജിക്കരുതേ.

marggam DIGITAL PUBLISHING
www.marggam.org

കാർമ്മികൻ കുർബാനയാരംഭിക്കുന്നു

കാർമ്മി: പിതാവിന്റെയും † പുത്രന്റെയും പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂ: ആമ്മേൻ.

ഗാനം

കാർമമി: ഉന്നതങ്ങളിൽ മഹേശ്വരനു കീർത്തനം.

സമൂ: നരനു ഭൂമിയിൽ ശാന്തിയും പ്രത്യാശയും.

കാർമ്മി: സ്വർഗ്ഗസ്ഥിതനാം നിത്യപിതാവേ,
നിൻതിരുനാമം വാഴ്ത്തപ്പെടണം.

സമൂ: പരിപാവനമാം നിന്നുടെ രാജ്യം
മഹിമയൊടുലകിൽ വന്നീടേണം

കാർമ്മി: സ്വർഗ്ഗതലത്തെന്നതുപോലങ്ങേ
ഇഷ്ടംധരയിൽ നിറവേറേണം.

സമൂ: ആവശ്യകമാമന്നദിനഭോജ്യം
ഞങ്ങൾക്കുലിവായ് നല്കീടണമേ.

കാർമ്മി: ഞങ്ങളം പൊറുക്കുന്നതുപോൽ നാഥാ,
ഞങ്ങൾക്കും നീ പൊറുതി തരേണം.

സമൂ: വിനകളിൽ വീഴാൻ കൈവെടിയരുതേ
തിന്മയിൽനിന്നും രക്ഷിക്കണമേ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, വാത്സല്യപൂർവ്വം ഞങ്ങളെ സന്ദർശിക്കയും, കാരുണ്യപൂർവ്വം ഞങ്ങളെ സംരക്ഷിക്കയും ചെയ്യണമേ. ഉത്ഥാനം പ്രതീ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

ക്ഷിച്ചുമരണമടഞ്ഞവരെ നിത്യാനന്ദത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ. എന്തുകൊണ്ടെന്നാൽ അങ്ങു് ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ് സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

സങ്കീർത്തനം (129)

കാർമ്മി: ആഴത്തിൽനിന്നു ഞാൻ
ആർദ്രമായ്ക്കേഴുന്നു;
ദൈവമേ, എന്നെ നീ കേൾക്കേണമേ.

സമൂ: പാപങ്ങളെല്ലാം നീ
ഓർത്തിരുന്നാൽ നാഥാ,
ആരാരീലോകത്തിൽ രക്ഷനേടും?

കാർമ്മി: പാപത്തിൻ മോചനം
നിന്നിൽ ഞാൻ തേടുന്നു;
നീയാണെൻ മോക്ഷവും പ്രത്യാശയും

സമൂ: പുലരുവാൻ കാക്കുന്ന
കാവൽക്കാരെന്നപോൽ
സകലേശാ, നിന്നെ ഞാൻ കാത്തിരിപ്പൂ

കാർമ്മി: പാപങ്ങൾ മോചിക്കും
കാരുണ്യവാരിധേ,
ആത്മാക്കൾക്കാശ്വാസം നല്കേണമേ.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

തീക്ഷ്ണതയോടും ഉത്സാഹത്തോടുംകൂടെ ആദരപൂർവ്വം നമുക്കു പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

ധൂപാർപ്പണഗാനം

സമൂ: മിശിഹാ കർത്താവേ, നരകുലപാലകനേ,
ഞങ്ങളണച്ചിടുമീ പ്രാത്ഥന തിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ കൈക്കൊണ്ടരുളേണം.

തത്സമയം കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥനകളും താഴ്ന്ന സ്വരത്തിൽ ചൊല്ലിക്കൊണ്ടു ശോശപ്പാമടക്കീ ബലിവസ്തുക്കൾക്കു ചുറ്റും വയ്ക്കുന്നു.

കാർമ്മി: കർത്താവേ, ബലവാനായ ദൈവമേ. കാരുണ്യപൂർവം എന്നെ സഹായിക്കണമെ. ആരാധ്യമായ ത്രിത്വത്തിന്റെ സ്തുതിക്കും, സഭയുടെ നന്മയ്ക്കും വേണ്ടി സജീവവും വിശുദ്ധവുമായ ഈ ബലി അർപ്പിക്കുവാൻ എന്നെ യോഗ്യനാക്കണമേ.

കർത്താവേ, അങ്ങയുടെ ശരീരത്തിനും രക്തത്തിനും സ്നേഹപൂർവ്വം അങ്ങ് എന്നെ യോഗ്യനാക്കി. അപ്രകാരം തന്നെ വിധിദിവസത്തിൽ അങ്ങയുടെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

കാർമ്മികൻ ധൂപം വാഴ്ത്തി ബലിവസ്തുക്കളും ബലിപീഠവും ധൂപിക്കുന്നു.

കാർമ്മി: (ഉയർന്ന സ്വരത്തിൽ) നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും † എപ്പോഴും എന്നേയ്ക്കും.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

സമൂ: ആമ്മേൻ.

കാർമ്മി (കൈകം ഉയർത്തി) നിങ്ങളുടെ വിചാരങ്ങം ഉന്നതത്തിലേയ്ക്ക് ഉയരട്ടെ.

സമൂ: അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രായേലിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ, അങ്ങയുടെ പക്കലേയ്ക്ക്.

കാർമ്മി: സകലത്തിന്റെയും നാഥനായ ദൈവത്തിനു കുർബാനയർപ്പിക്കപ്പെടുന്നു.

സമൂ: അതു തികച്ചും ഉചിതമാകുന്നു.

കാർമ്മി: കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശ്രദ്ധതയിലും ദുഷ്ടതയിലും അസൂയയിലും വഞ്ചനയിലും നിന്നു വിമുക്തമാക്കണമേ. പരസ്പര സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ. വിശ്രുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശാപൂർവ്വം അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് ആത്മധൈര്യം നൽകുകയും ചെയ്യണമേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമം എല്ലാ സൃഷ്ടികളിലും നിന്നു ആരാധനയും കൃതജ്ഞതയും അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു ലോകത്തെയും അതിലുള്ള സകലത്തേയും കനിവോടെ സൃഷ്ടിക്കുകയും .മനുഷ്യഗണത്തോടു കരുണകാണിക്കുകയും ചെയ്തു, സ്വർഗ്ഗവാസികളുടെ ആയിരങ്ങളും മാലാഖമാരുടെ പതിനായിരങ്ങളും മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. അഗ്നിമയന്മാരും അരൂപികളുമായ സ്വർ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

നന്തിനം, അങ്ങേയുടെ സന്നിധിയിൽ സന്തുഷ്ടിക്കും നിരാനന്ദമാകട്ടെ.

കാർമ്മികൻ കാസയും പീലാസയും തുടച്ചു ക്രമപ്പെടുത്തുന്നു. സമൂഹം താഴെ വരുന്ന പാട്ടുപാടുന്നു.

ഗാനം

സഹനം വഴിയായ് കരണത്തിനന്തൻ
ശാശ്വതവീഥിയും നേടിയ നാഥാ,
രാജമഹേശാ, ദൈവകുമാരാ,
വിനയമൊടങ്ങു വന്ദിക്കുന്നു.

പരമാനന്ദമുയിർത്തുഥാനത്താൽ
വിജയകിരീടം ചൂടിയനാഥാ,
മർത്യകുലത്തിൻ രക്ഷകനീശോ,
സാദരമങ്ങേ വാഴ്ത്തിടുന്നു.

നിന്മകരല്ലോ നീകലിയുഗത്തിൽ
നിർമ്മലകിരണം വീശിയ നാഥാ,
അന്തിമദിവസം മഹിമയൊടങ്ങേ
സന്നിധിയണയാൻ വരമരുളേണം.

ശുശ്രൂ: പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സ്വർഗ്ഗീയവും പരിശുദ്ധവും ജീവദായകവുമായ ഈ കർബാനയിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്കൊത്തുചേർന്ന് അതിന്റെ ദാതാവായ ത്രൈവത്തിനെ സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

സമൂ: അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് കർത്താവേ, അങ്ങേക്കു സ്തുതി.

ശുശ്രൂ: പ്രാർത്ഥിക്കാം നമുക്കു സമാധാനം.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

കാർമ്മി: പൂവ്വന്മാരുടെ ബലിപോലെ
ശ്രീഹന്മാരുടെ ബലിപോലെ
ബലിയിതുകൈക്കൊണ്ടഖിലേശാ,
മുതരാം സുതരിൽക്കനിയണമേ.

സമൂ: ആമ്മേൻ.

കാർമ്മി: മൃതരുടെ കറകളും നീക്കണമേ
പാപകടങ്ങളും പൊറുക്കണമേ
നിത്യവിരുന്നിനു കർത്താവേ,
വിരവോടവരെ ചേർക്കണമേ.

സമൂ: ആമ്മേൻ.

കാർമ്മി: പ്രാർത്ഥിപ്പതിനായ് സന്നിധിയിൽ
വന്നവരാം നിൻ തനയർക്കും
ദിവ്യാനുഗ്രഹമേകണമേ
ഇപ്പൊഴ † മെപ്പൊഴുമെന്നേയ്ക്കും

സമൂ: ആമ്മേൻ.

† ജനങ്ങളെ ആശീർവ്വദിക്കുന്നു.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

---

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org